**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5221 — 06.02.2014 ന് മറുപടിയ്ക്ക്.

**<u>അതിരപ്പിള്ളി പഞ്ചായത്തിലെ കാട്ടുമൃഗങ്ങളുടെ ആക്രമണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ കിഴക്കൻ മേഖലകളിൽ കാട്ടുമൃഗങ്ങളുടെ നിരന്തരമായ ആക്രമണം മൂലം തദ്ദേശവാസികളുടെ ജീവനും സ്വത്തിനും കാർഷികവിളകൾക്കും വലിയ തോതിൽ ഭീഷണിയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ മേഖലയിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി വന്യമൃഗങ്ങൾ നാട്ടിൽ ഇറങ്ങുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചു വരുന്നു. ആവശ്യമായ ബാക്കിയുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സൗരോർജ്ജ കമ്പിവേലി സ്ഥാപിക്കുന്നതാണ്. വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ജല ലഭ്യതയ്ക്കായി വനത്തിനുള്ളിൽ തടയണ, ചെക്ക് ഡാം എന്നിവ നിർമ്മിച്ചിട്ടുണ്ട്. വന സംരക്ഷണ സമിതികൾ വനത്തോട് ചേർന്ന് താമസിക്കുന്നവർ എന്നിവരുടെ പങ്കാളിത്തത്തോടെ വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വന്യജീവി ആക്രമണം തടയുന്നതിനായി വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ വന്യജീവി ആക്രമണം മൂലമുള്ള അപകടങ്ങൾക്ക് നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ